**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1327** **04.02.2019 ൽ മറുപടിയ്ക്ക്**

**ദേവികുളം നിയോജക മണ്ഡലത്തിലെ പട്ടയ വിതരണം**

| **ചോദ്യം**<br>**ശ്രീ. എസ്.രാജേന്ദ്രൻ** | **മറുപടി**<br>**ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
|---|---|

| | | |
|---|---|---|
| (എ) | ദേവികുളം നിയോജക മണ്ഡലത്തിലെ ചിന്നക്കനാൽ, വട്ടവട, കെ.ഡി.എച്ച്. വില്ലേജുകളിൽ പട്ടയവിതരണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച നടപടിക്രമങ്ങൾ വ്യക്തമാക്കാമോ; | (എ) വ്യാപകമായ കയ്യേറ്റങ്ങളുടെയും നിയമവിരുദ്ധമായ ഭൂവിനിയോഗത്തിന്റെയും പശ്ചാത്തലത്തിൽ മൂന്നാർ മേഖലയിൽ നടന്ന ഒഴിപ്പിക്കൽ നടപടികൾക്കു ശേഷം ചിന്നക്കനാൽ വില്ലേജിൽ പട്ടയനടപടികൾ സ്വീകരിച്ചിട്ടില്ല. നീലക്കുറിഞ്ഞി സാങ്ച്വറിയായി ഉദ്ദേശവിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള മേഖലയിൽപ്പെട്ട വട്ടവട വില്ലേജിൽ കൈവശക്കാരുടെ അവകാശങ്ങൾ പരിശോധിക്കുന്നതിനും സംരക്ഷിക്കുന്നതിനും ഭൂമി തിട്ടപ്പെടുത്തുന്നതിനും ലാൻഡ് റവന്യൂ കമ്മീഷണറുടെ നേതൃത്വത്തിൽ പ്രത്യേക സംഘത്തെ നിയോഗിച്ചിട്ടുള്ളതും പരിശോധനകൾ നടന്നുവരുന്നതുമാണ്. ടി പരിശോധനകൾ എത്രയും വേഗം പൂർത്തിയാക്കി പട്ടയനടപടികൾ ആരംഭിക്കുന്നതാണ്. കെ.ഡി.എച്ച് വില്ലേജിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കെ.ഡി.എച്ച്. വില്ലേജിലെ രവീന്ദ്രൻ പട്ടയം പരിശോധിച്ച് അർഹർക്ക് പട്ടയം ലഭ്യമാക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) 1964 ലെ പതിവു ചട്ടങ്ങൾ പ്രകാരം പട്ടയം നൽകുന്നതിന് പതിവു ലിസ്റ്റിന് ഭൂമിപതിവു കമ്മിറ്റി അംഗീകാരം നൽകിയിട്ടുള്ളതും തുടർനടപടികൾ നടന്നുവരുന്നതുമാണ്. കെ.ഡി.എച്ച്. വില്ലേജിൽ മുൻകാലങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ളതും നിയമപ്രശ്നങ്ങളിൽപ്പെട്ടതുമായ പട്ടയങ്ങളുടെ പരിശോധന നടന്നുവരുന്നതും കോടതിയിൽ കേസ് നിലവിലുള്ളതുമാണ്. ടി പട്ടയങ്ങൾ ക്രമപ്രകാരമുള്ളതാണെന്ന് തീർപ്പാകുന്നപക്ഷം റഗുലറൈസ് ചെയ്ത് നൽകുന്നതാണ്. കൂടാതെ കെ.ഡി.എച്ച്. വില്ലേജിൽ അർഹരായ അപേക്ഷകർക്ക് നിയമാനുസൃതം പട്ടയം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | മൂന്നാർ ടൗണിൽ കച്ചവടക്കാരും മറ്റും താമസം തുടങ്ങിയിട്ട് കാലങ്ങളായിട്ടും ബ്രിട്ടീഷ് ഇന്ത്യയിലെ സാഹചര്യങ്ങൾക്കനുസൃതമായി ജീവിക്കേണ്ടി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഇവരുടെ കാര്യങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) ഇപ്രകാരം ഒരു സാഹചര്യം മൂന്നാറിൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ